(സി) ഈ പദ്ധതി നടപ്പാക്കാനുള്ള സാധ്യതാപഠനം എവിടെയെല്ലാം നടത്തിയിട്ടുണ്ട്; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ പഠനം നടത്താൻ തയ്യാറാകുമോ?

ഉത്തരം

(എ) കായലോര വിനോദസഞ്ചാരം ഒരു ശൃംഖലയായി ആവിഷ്കരിച്ച് അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. കായംകുളം മുതൽ അരൂക്കുറ്റിവരെയുള്ള കായൽ ശൃംഖലയിൽ നടപ്പിലാക്കുന്ന ഒരു ബൃഹദ് പദ്ധതിയാണ് ആലപ്പുഴ ബാക്ക് വാട്ടർ മെഗാ ടൂറിസം പദ്ധതി. ഈ പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുവദിച്ച 47.62 കോടി രൂപയും സംസ്ഥാന സർക്കാരിന്റെ വിഹിതമായ 4.62 കോടി രൂപയും ഉൾപ്പെടെ 52.25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി 2 വർഷത്തിനകം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി & സി) ആലപ്പുഴ മെഗാ ടൂറിസം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. കായംകുളം മുതൽ അരൂക്കുറ്റി വരെയുള്ള കായൽ ശൃംഖലകൾ ഉൾപ്പെടുത്തിക്കൊണ്ട് പഠനം നടത്തി തയ്യാറാക്കിയ ആലപ്പുഴ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് ആലപ്പുഴ മെഗാ ടൂറിസം പദ്ധതി നടപ്പിലാക്കുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

വൈക്കം നിയോജകമണ്ഡലത്തിൽ റെസ്പോൺസിബിൾ ടൂറിസം പദ്ധതികൾ

295(4582) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിൽ റെസ്പോൺസിബിൾ ടൂറിസം പദ്ധതികൾ ഏതൊക്കെ സ്ഥലങ്ങളിലാണ് നടപ്പാക്കുന്നതെന്നും ഇതിന്റെ വിശദാംശങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ ;

(ബി) റെസ്പോൺസിബിൾ ടൂറിസം പദ്ധതി ഏത് ഏജൻസി വഴിയാണ് നടപ്പാക്കുന്നതെന്നും പ്രസ്തുത പദ്ധതിയിൽ ഈ ഏജൻസിയുടെ സേവനങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ ;

(സി) റെസ്പോൺസിബിൾ ടൂറിസം പദ്ധതിയുടെ പദ്ധതി പ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റെസ്പോൺസിബിൾ ടൂറിസം പദ്ധതിക്ക് സാമ്പത്തിക ബാദ്ധ്യതകൾ വരുന്നുണ്ടോയെന്നും ഈ ബാദ്ധ്യതകൾ ആരാണ് വഹിക്കുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വൈക്കം നിയോജകമണ്ഡലത്തിൽ വൈക്കം മുനിസിപ്പാലിറ്റി, മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത്, ചെമ്പ് ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

(ബി) ഉത്തരവാദിത്ത ടൂറിസം പദ്ധതി കിറ്റ്സ് വഴിയാണ് നടപ്പിലാക്കുന്നത്. ടൂറിസം വിദഗ്ധരുമായി ചർച്ച ചെയ്യൽ, ഉത്തരവാദിത്ത ടൂറിസം പദ്ധതിയെക്കുറിച്ച് അവബോധം സൃഷ്ടിക്കൽ, റെസ്പോൺസിബിൾ ടൂറിസം കേന്ദ്രങ്ങളിലെ ഹോട്ടലുകളിൽ പ്രാദേശിക സപ്ലൈഗ്രൂപ്പുകളും, സാംസ്കാരിക സംഘങ്ങളുമായും ബന്ധിപ്പിക്കൽ, പുതിയ ടൂറിസം പാക്കേജുകൾ തയ്യാറാക്കലും അവയുടെ വിപണനവും, തദ്ദേശവാസികൾക്ക് ടൂറിസവുമായി ബന്ധപ്പെട്ട് പരിശീലനം നൽകൽ, ടൂറിസം സംബന്ധിച്ച സൂക്ഷ്മ സംരംഭങ്ങളുടെ കണ്ടെത്തൽ, പരിശീലനം നൽകൽ, ടൂറിസം വ്യവസായങ്ങളുമായി ബന്ധിപ്പിക്കൽ, പരിസ്ഥിതി അവബോധ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ പ്രവർത്തനങ്ങളാണ് ഉത്തരവാദിത്ത ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട നോഡൽ ഏജൻസി നൽകുന്ന സേവനങ്ങൾ. കൂടാതെ ഉത്തരവാദിത്ത ടൂറിസം വിപുലീകരിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ ശില്പശാലകൾ സംഘടിപ്പിക്കുന്നതിനുള്ള സാങ്കേതിക പിൻബലം, ഉത്തരവാദിത്ത ടൂറിസം കൈപ്പുസ്തകം ലഭ്യമാക്കൽ, റിസോർസ്/ലേബർ ഡയറക്ടറി തയ്യാറാക്കൽ എന്നിവയും നോഡൽ ഏജൻസി ചെയ്യുവരുന്നു.

(സി) 2007-ൽ രൂപീകൃതമായ സംസ്ഥാനതല ഉത്തരവാദിത്ത ടൂറിസം കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് കോവളം (ബീച്ച്), കുമരകം (കായൽ), തേക്കടി (വന്യജീവി സങ്കേതം), വയനാട് - വൈത്തിരി (ഹിൽ സ്റ്റേഷൻ) എന്നീ നാലു പ്രദേശങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഉത്തരവാദിത്ത ടൂറിസം നടപ്പിലാക്കാൻ തീരുമാനമെടുത്തത്. തുടർന്ന് 2012-ൽ ടൂറിസ്റ്റുകളുടെ വരവ്, അടിസ്ഥാന സൗകര്യം, ടൂറിസം സാധ്യത എന്നിവ കണക്കിലെടുത്ത് കുമ്പളങ്ങി, ബേക്കൽ, വയനാട് - അമ്പലവയൽ എന്നീ പ്രദേശങ്ങളെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ തീരുമാനമെടുത്തു. നാളിതുവരെയുള്ള പ്രവർത്തനങ്ങളിൽനിന്നും തദ്ദേശീയർക്ക് പ്രത്യേകിച്ച് സാധാരണക്കാർക്ക് തൊഴിലവസരവും വരുമാനവും അതോടൊപ്പം ടൂറിസം വ്യവസായത്തിന് പുതിയ പാക്കേജുകളും നൽകാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതി 50 തദ്ദേശഭരണ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചു.

(ഡി) ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ ഭാഗമായി പ്രദേശിക ജനവിഭാഗങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കാനും പ്രാദേശിക ജനതയ്ക്ക് പരിശീലനം നൽകാനും പുതിയ ടൂറിസം പാക്കേജുകളുടെ രൂപം നൽകാനും പ്രാദേശിക ഉൽപ്പന്നങ്ങളേയും മാനവശേഷിയേയും ടൂറിസം വ്യവസായവുമായി ബന്ധിപ്പിക്കുന്നതിന് ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ടതും ഗുണമേന്മയുള്ളതുമായ സേവനം ലഭ്യമാക്കുന്ന സാഹചര്യം ഒരുക്കുന്നതിനും സാമ്പത്തികമായ ബാധ്യതയുണ്ട്. ഇതിനു വേണ്ടിവരുന്ന ചെലവ് വഹിക്കുന്നത് ടൂറിസം വകുപ്പാണ്.

മലബാർ പ്രദേശത്ത് ടൂറിസം പദ്ധതി

296(4583) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ പ്രദേശത്ത് ടൂറിസം സാദ്ധ്യതകളുള്ള സ്ഥലങ്ങളിൽ വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുവേണ്ടി ടൂറിസം വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കുമോ;

(ബി) കണ്ണൂർ വിമാനത്താവളത്തിന്റെ പണി പൂർത്തിയാവുന്നതോടെ ഇവിടങ്ങളിലേയ്ക്ക് ധാരാളം വിദേശ വിനോദസഞ്ചാരികൾ എത്തിച്ചേരാൻ സാദ്ധ്യതയുള്ളതായി ടൂറിസം വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്തിനും സർക്കാർ ഖജനാവിനും സമ്പദ് വ്യവസ്ഥയ്ക്കും ശക്തി പകരുന്ന വിദേശ വിനോദസഞ്ചാരികൾ മലബാർ പ്രദേശത്തേയ്ക്കും കൂടുതലായി ആകർഷിക്കപ്പെടാനായി കായലുകളിൽ പെഡൽ ബോട്ടുകൾ, കടൽ തീരങ്ങളിൽ വിവിധ വിനോദത്തിനുള്ള സൗകര്യങ്ങൾ എന്നിവ ഒരുക്കാൻ ടൂറിസം വകുപ്പ് മുൻകൈയെടുക്കുമോ?

ഉത്തരം

(എ) മലബാർ മേഖലയുടെ സമഗ്ര ടൂറിസം വികസനത്തിന്റെ ഭാഗമായി നിലമ്പൂർ, കക്കയം-പെരുവണ്ണാമൂഴി എന്നീ പ്രദേശങ്ങളിലെ ടൂറിസം വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു.

(ബി & സി) പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly